മുഖ്യമന്ത്രിക്കു സമർപ്പിച്ച അപേക്ഷ 25.2.99-ൽ റവന്യൂ വകുപ്പിന് അയയ്ക്കുകയും അത് 16446/ജെ1/99/റവ. നമ്പർ പ്രകാരം 27.2.1999-ൽ റിപ്പോർട്ടിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയിന്മേൽ മാവേലിക്കര തഹസീൽദാർ അന്വേഷണം നടത്തിവരുന്നു.

(ബി) റവന്യൂ സെക്രട്ടറിയുടെ പക്കൽനിന്നും കാലവിളംബം ഉണ്ടായിട്ടില്ല.

(സി) ആലപ്പുഴ ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ ദുരിതാശ്വാസ സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കാവേരി നദീജലപ്രശ്നം

112 (3041) ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജലപ്രശ്നത്തിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനം സമർപ്പിച്ച മാനന്തവാടി, കേരള ഭവാനി, അട്ടപ്പാടി, നൂൽപ്പുഴ എന്നീ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാവേരി നദീജല പ്രശ്നം കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. കാവേരി നദീതടത്തിൽനിന്ന് 99.8 ടി.എം.സി ജലം ലഭിക്കുന്നതിനായി ട്രൈബ്യൂണൽ മുമ്പാകെ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേസിന്റെ ഫലപ്രദമായ നടത്തിപ്പിന് ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. വി. കൃഷ്ണമൂർത്തി ചെയർമാനും, ശ്രീ. ടി.കെ. ശശി, ചീഫ് എൻജിനീയർ (അന്തർ സംസ്ഥാന നദീജലം) കൺവീനറായും ഒരു കാവേരി സ്പെഷ്യൽ സെൽ തിരുവനന്തപുരത്തും ഇതിന്റെ ഒരു ആഫീസ് ഒരു സൂപ്രണ്ടിംഗ് എൻജിനീയറുടെ ചുമതലയിൽ ഡൽഹിയിലും പ്രവർത്തിച്ചുവരുന്നുണ്ട്. കാവേരി സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു സമിതിയും നിലവിലുണ്ട്. ട്രൈബ്യൂണൽ മുമ്പാകെ കേസ് വാദിക്കുന്നതിനായി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ ഡോ. രാജീവ് ധവാനെയും അഡ്വക്കേറ്റ് ശ്രീ. ദീപക്കിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽനിന്ന് കേരളത്തിന്റെ സാക്ഷിയായി, കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് റിസർച്ച് ഡയറക്ടറായി വിരമിച്ച ഡോ. ആർ. ഗോപാലകൃഷ്ണനെയും ഊർജ്ജ മേഖലയിൽനിന്ന് സാക്ഷി

LIBRARY ARCHIVES Kerala Legislative Assembly

കളായി വൈദ്യുതിബോർഡിൽനിന്ന് ചീഫ് എൻജിനീയർമാരായി വിരമിച്ച സർവ്വശ്രീ കെ.ഇ. ദാമോദരൻ നായനാർ, ആർ. ബാലകൃഷ്ണൻ നായർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. കാവേരി നദീജല പ്രശ്നത്തിൽ കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഭേദഗതികളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രാഥമിക റിപ്പോർട്ടുകൾ കാവേരി നദീജലതർക്ക ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. ട്രൈബ്യൂണലിന്റെ അന്തിമതീരുമാനത്തിനനുസൃതമായി മാത്രമേ മറ്റ് നടപടികൾ തുടരുവാൻ കഴിയുകയുള്ളു.

പ്രവാസി മലയാളികൾക്കു വേണ്ടിയുള്ള നിധി

113 (3042) ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിലേക്കായി ഒരു നിധി രൂപവൽക്കരിക്കാനുദ്ദേശമുണ്ടോ;

(ബി) ഈ നിധിയുടെ കോർപ്പസ് എത്രയാണ്;

(സി) ഈ നിധിയുടെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിക്ഷേപം നടത്താനുദ്ദേശിക്കുന്ന പ്രവാസി മലയാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഒരു നോൺ റസിഡന്റ് ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തുടക്കത്തിൽ 50 ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിക്ഷേപം നടത്താനുദ്ദേശിക്കുന്ന പ്രവാസി മലയാളികൾക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് നോൺ റസിഡന്റ് ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നത്. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, പദ്ധതി പ്രവർത്തനം തുടങ്ങുന്നതുവരെയുള്ള മറ്റു പ്രവർത്തനങ്ങൾക്കും ധനസഹായം ലഭ്യമാക്കുക എന്നതാണ് ഈ റിവോൾവിംഗ് ഫണ്ടിന്റെ പ്രധാന ഉദ്ദേശ്യം. ഇതിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ ലാഭകരമായി പ്രവർത്തിച്ചു തുടങ്ങുന്ന മുറയ്ക്ക് ലഭ്യമാക്കിയ തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലായിരിക്കണം ധനസഹായം ലഭ്യമാക്കേണ്ടത് എന്നാണ് ഉദ്ദേശം. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് അന്തിമതീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly